ധനകാര്യ കമ്മീഷനുമായുള്ള ചർച്ച

51 (1106) ശ്രീമതി റോസമ്മ ചാക്കോ :

ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം സന്ദർശിച്ച 11-ാം ധനകാര്യ കമ്മീഷന്റെ സംസ്ഥാനത്തുള്ള പരിപാടിയുടെ രൂപരേഖ തയ്യാറാക്കിയത് ഏത് അധികാരസ്ഥനായിരുന്നു ;

(ബി) ഈ രൂപരേഖയ്ക്ക് മന്ത്രിസഭയുടെയോ ഏതെങ്കിലും മന്ത്രിയുടെയോ അംഗീകാരമുണ്ടായിരുന്നോ ;

(സി) ധനകാര്യ കമ്മീഷനുമായുള്ള ചർച്ചയിൽ പ്ലാനിംഗ് ബോർഡിന് സമയം നൽകിയിരുന്നുവോ ?

ഉത്തരം

(എ) ധനകാര്യ കമ്മീഷന്റെ സംസ്ഥാനത്തെ പരിപാടിയുടെ കരട് രൂപ രേഖ ധനകാര്യമന്ത്രിയുടെ അംഗീകാരത്തോടെ ധനകാര്യ വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി തയ്യാറാക്കുകയാണുണ്ടായത്.

(ബി) ഉണ്ടായിരുന്നു.

(സി) കമ്മീഷനുമായി 23-10-1999 ൽ നടന്ന ചർച്ചയിലേയ്ക്ക് പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, പ്ലാനിംഗ് സെക്രട്ടറി, എന്നിവരെ ക്ഷണിച്ചിരുന്നു. 25-10-1999-ൽ നടന്ന ചർച്ചയിലും സംസ്ഥാന പ്ലാനിംഗ് ബോർഡ് അംഗം പങ്കെടുത്തിരുന്നു.

ലോട്ടറി വഴി ലഭിച്ച വരുമാനം

52 (1107) പ്രൊഫസർ എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

ലോട്ടറി വഴി സംസ്ഥാനത്തിന് 1991-92 സാമ്പത്തികവർഷം മുതൽ 1999 നവംബർ 30 വരെ ലഭിച്ച വരുമാനം വർഷം തിരിച്ച് വെളിപ്പെടുത്താമോ ?

ഉത്തരം

വർഷം	വിറ്റുവരവ് (രൂപ)
1991-92	54,49,77,407
1992-93	59,27,05,420
1993-94	65,01,52,137
1994-95	71,22,48,928
1995-96	93,27,57,141
1996-97	106,74,33,483
1997-98	105,32,50,636
1998-99	112,01,80,580
1-4-1999 മുതൽ 30-11-1999 വരെ	66,04,35,062

LIBRARY ARCHIVES Kerala Legislative Assembly